**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5454** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഫ്ലാറ്റ് സമുച്ചയത്തിലെ മാലിന്യം ഓടയിൽ ഒഴുക്കുന്നതിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ ശ്രീകാര്യം ലയോള കോളേജിന് സമീപമുള്ള ഫ്ലാറ്റ് സമുച്ചയത്തിൽ നിന്നും കോർപ്പറേഷന്റെ ഓടയിലേയ്ക്ക് മലിനജലം ഒഴുക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ 11.03.2024-ൽ 276-ാ0 നമ്പറായി ശ്രീ. ഗോപകുമാർ. സി.പി., അപ്പാർട്ട്മെന്റ് നമ്പർ-4 ഡി, ഷാന്തർ നളന്ദ, ശ്രീകാര്യം ലയോള കോളേജിന് സമീപം, തിരുവനന്തപുരം സമർപ്പിച്ച പരാതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | ചെറുവയ്ക്കൽ വില്ലേജിൽ ശ്രീകാര്യം ലയോള കോളേജിന് സമീപം സ്ഥിതി ചെയ്യുന്ന ഷാന്തർ നളന്ദ എന്ന ഫ്ളാറ്റിലെ Sewage Treatment Plant (STP) യിൽ നിന്നുള്ള മലിനജലം പി.വി.സി പൈപ്പ് ഉപയോഗിച്ച് ആക്കുളം കായലിലേയ്ക്ക് എത്തിച്ചേരുന്ന നീർചാലിലേയ്ക്ക് ഒഴുക്കി വിടുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി. യൂണിറ്റിന് മുന്നിലുള്ള റോഡിന്റെ വശങ്ങളിൽ കോൺക്രീറ്റ് ചെയ്തതായി കാണുകയും, അതിന് അടിയിലൂടെ പി.വി.സി പൈപ്പ് സ്ഥാപിച്ച് മലിനജലം നീർച്ചാലിലേയ്ക്ക് ഒഴുക്കിവിടുന്നു എന്ന് പരാതി കക്ഷി നേരിട്ട് അറിയിക്കുകയുമുണ്ടായി. ശേഷം യൂണിറ്റിൽ പരിശോധന നടത്തിയതിൽ, യൂണിറ്റിലുള്ള മഴവെള്ള ശേഖരണ ടാങ്കിൽ നിന്നുള്ള ജലമാണ് പുറത്തേയ്ക്ക് പമ്പ് ചെയ്യുന്നത് എന്ന ഷാന്തർ നളന്ദ അസോസിയേഷൻ പ്രതിനിധി അറിയിച്ചു. STP യിൽ ട്രീറ്റ് ചെയ്യുന്ന ജലം ട്രീറ്റ്മെന്റിന് ശേഷം യൂണിറ്റിന് മുന്നിലുള്ള ഒരു ടാങ്കിൽ ശേഖരിക്കുകയും, ഈ ടാങ്കിൽ നിന്നും കോർപ്പറേഷന് കൈമാറുകയും ചെയ്യുകയുമാണെന്ന് അസോസിയേഷൻ പ്രതിനിധി അറിയിച്ചു. ഈ മഴവെള്ള ശേഖരണ ടാങ്കിൽ നിന്നും ജല സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ പാരാമീറ്ററുകൾ അനുവദനീയമായ അളവിൽ കൂടുതൽ ആയതിനാലും, ബോർഡിന്റെ പ്രവർത്തനാനുമതി നേടാതെയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയതിനാലും, യൂണിറ്റിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മഴവെള്ള ശേഖരണ ടാങ്കിൽ നിന്നും പുറത്തേയ്ക്ക് ഒഴുക്കിയിരുന്ന പി.വി.സി പൈപ്പ് കണക്ഷൻ വിച്ഛേദിച്ചതായി കണ്ടെത്തുകയും ചെയ്തു. STP യിൽ നിന്നും ശേഖരിച്ച സാമ്പിൾ പരിശോധനാ റിപ്പോർട്ട് പ്രകാരം |

| | | | |
|---|---|---|---|
| | | | പരാമീറ്ററുകൾ അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 06.10.2024-ൽ മാതൃഭൂമി ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ചെറുവയ്ക്കൽ വില്ലേജിൽ ശ്രീകാര്യം ലയോള കോളേജിന് സമീപം സ്ഥിതി ചെയ്യുന്ന ഷാന്റർ നളന്ദ എന്ന ഫ്ളാറ്റിലെ Sewage Treatment Plant (STP) യിൽ നിന്നുള്ള മലിനജലം പി.വി.സി പൈപ്പ് ഉപയോഗിച്ച് ആക്കുളം കായലിലേയ്ക്ക് എത്തിച്ചേരുന്ന നീർചാലിലേയ്ക്ക് ഒഴുക്കി വിടുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി. യൂണിറ്റിന് മുന്നിലുള്ള റോഡിന്റെ വശങ്ങളിൽ കോൺക്രീറ്റ് ചെയ്തതായി കാണുകയും, അതിന് അടിയിലൂടെ പി.വി.സി പൈപ്പ് സ്ഥാപിച്ച് മലിനജലം നീർച്ചാലിലേയ്ക്ക് ഒഴുക്കിവിടുന്നു എന്ന് പരാതി കക്ഷി നേരിട്ട് അറിയിക്കുകയുമുണ്ടായി. ശേഷം യൂണിറ്റിൽ പരിശോധന നടത്തിയതിൽ, യൂണിറ്റിലുള്ള മഴവെള്ള ശേഖരണ ടാങ്കിൽ നിന്നുള്ള ജലമാണ് പുറത്തേയ്ക്ക് പമ്പ് ചെയ്യുന്നത് എന്ന ഷാന്റർ നളന്ദ അസോസിയേഷൻ പ്രതിനിധി അറിയിച്ചു. STP യിൽ ട്രീറ്റ് ചെയ്യുന്ന ജലം ട്രീറ്റ്മെന്റിന് ശേഷം യൂണിറ്റിന് മുന്നിലുള്ള ഒരു ടാങ്കിൽ ശേഖരിക്കുകയും, ഈ ടാങ്കിൽ നിന്നും കോർപ്പറേഷന് കൈമാറുകയും ചെയ്യുകയുമാണെന്ന് അസോസിയേഷൻ പ്രതിനിധി അറിയിച്ചു. ഈ മഴവെള്ള ശേഖരണ ടാങ്കിൽ നിന്നും ജല സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ പാരാമീറ്ററുകൾ അനുവദനീയമായ അളവിൽ കൂടുതൽ ആയതിനാലും, ബോർഡിന്റെ പ്രവർത്തനാനുമതി നേടാതെയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയതിനാലും, യൂണിറ്റിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് നടത്തിയ സ്ഥലപരിശോധനയിൽ മഴവെള്ള ശേഖരണ ടാങ്കിൽ നിന്നും പുറത്തേയ്ക്ക് ഒഴുക്കിയിരുന്ന പി.വി.സി പൈപ്പ് കണക്ഷൻ വിച്ഛേദിച്ചതായി കണ്ടെത്തുകയും ചെയ്തു. STP യിൽ നിന്നും ശേഖരിച്ച സാമ്പിൾ പരിശോധനാ റിപ്പോർട്ട് പ്രകാരം പരാമീറ്ററുകൾ അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ